പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 1714 | 07/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മാറാക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിഡ്നി ഡയാലിസിസ് സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര പ്രാഥമിക ആരോഗ്യ കേന്ദ്രം കോമ്പൗണ്ടിൽ കാടാമ്പുഴ ലൈഫ് മിഷൻ എന്ന സന്നദ്ധ സംഘടന കിഡ്നി ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ അനുവാദം നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | എ) ബി) & സി) | മാറാക്കര പ്രാഥമിക ആരോഗ്യ കേന്ദ്രം കോമ്പൗണ്ടിൽ കാടാമ്പുഴ ലൈഫ് മിഷൻ എന്ന സന്നദ്ധ സംഘടനയ്ക്ക് കിഡ്നി ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സ്ഥലം വിട്ട് നൽകണമെന്നാവശ്യപ്പട്ട കൊണ്ട് ആശുപത്രി മാനേജ് മെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതി മീറ്റിംഗിന്റേയും തീരുമാനങ്ങൾ ഉൾപ്പെടെ നിവേദനം സമർപ്പിച്ചിരുന്നു. |
| ബി) | ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| സി) | ആശുപത്രി മാനേജ് മെന്റ് കമ്മിറ്റിയുടെ തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| ഡി) | ഈ വിഷയത്തിൽ ഡി.എച്ച്.എസ്., ഡി.എം.ഒ. എന്നിവരുടെ റിപ്പോർട്ട് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ? | | മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമിയിൽ സ്വകാര്യ ഏജൻസിയ്ക്ക് ഉപയോഗാനുമതി നൽകാറില്ല മറിച്ച് പാട്ടത്തിനാണ് നൽകിവരുന്നത്. ആയതിനാൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സ്ഥലം സ്വകാര്യ ഏജൻസിയ്ക്ക് ആവശ്യമുള്ള പക്ഷം ജില്ലാ കളക്ടർ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിരുന്നു.ആയത് 65/ഇ 2/2018/ആകുവ പ്രകാരം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ